**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 942** **02-02-2026 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഉന്നതികൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഉന്നതികളും, പ്രസ്തുത ഉന്നതികളിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശംവും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഉന്നതികളിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഉന്നതികളും, പ്രസ്തുത ഉന്നതികളിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശംവും അനുബന്ധമായി ചേർക്കുന്നു. |
| (സി) | പൂർത്തിയാകാത്ത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | വകുപ്പ് മന്ത്രിയുടെയും, വകുപ്പ് ഡയറക്ടറുടെയും അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും, പൂർത്തിയാകാത്ത പ്രവർത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്കും, ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഉന്നതികൾ

| ക്രമ നം. | ഉന്നതി | വർഷം | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പെരിങ്ങൽകുത്ത് | 2017-18 | പൂർത്തീകരിച്ചു. |
| 2 | ആനക്കയം | 2017-18 | 2018 ലെ കാലവർഷക്കെടുതിയെ തുടർന്ന് ഉരുൾപൊട്ടൽ ഭീഷണി മൂലം നിവാസികൾ മാറി താമസിച്ച സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിച്ചു. |
| 3 | രണ്ടുകൈ | 2017-18 | പൂർത്തീകരിച്ചു. |
| 4 | മാരാങ്കോട് | 2017-18 | പൂർത്തീകരിച്ചു. |
| 5 | പെരുമ്പാറ | 2020-21 | 75% പ്രവർത്തികൾ പൂർത്തീകരിച്ചു. |
| 6 | മുക്കമ്പുഴ | 2020-21 | 35% പ്രവർത്തികൾ പൂർത്തീകരിച്ചു. വനം വകുപ്പിന്റെ അനുമതി ലഭിക്കാനുണ്ട്. |
| 7 | പിള്ളപ്പാറ | 2020-21 | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനുള്ള സ്ഥലത്തെ മരം മുറിക്കുന്നതിന് വനം വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 8 | ഷോളയാർ | 2020-21 | നിർമ്മാണ പ്രവർത്തികൾ (വീടുകളുടെ അറ്റകുറ്റപ്പണി) ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 9 | വാഴച്ചാൽ | 2022-23 | ഡി.പി.ആർ ലഭ്യമായിട്ടില്ല. ഡി.പി.ആർ അടിയന്തിരമായി ലഭ്യമാക്കുന്നതിന് ചാലക്കുടി ട്രൈബൽ ഡെവലപ്പമെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 10 | അടിച്ചിൽതൊട്ടി | 2024-25 | ഡി.പി.ആർ ജില്ലാതലത്തിൽ പരിശോധിച്ചു വരുന്നു. |